**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 161** | **22-02-2022 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ ഇ- ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ആലക്കോട് തേർത്തല്ലികുടുംബാരോഗ്യ കേന്ദ്രത്തിൽ ഇ ഹെൽത്ത് പദ്ധതി 2019 ജൂലൈ 05 ന് ഉത്ഘാടനം ചെയ്തു. ഈ ആശുപത്രി കടലാസ് രഹിത സ്ഥാപന മായി പ്രവർത്തിച്ച വരുന്നു. ഇ ഹെൽത്ത് നടപ്പിലാക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുള്ള മറ്റ് രണ്ട് സ്ഥാപനങ്ങൾ (ഉദയഗിരി കുടുംബാരോഗ്യ കേന്ദ്രം, ചെങ്ങളായി കുടുംബാരോഗ്യ കേന്ദ്രം) കൂടി നടപ്പ് വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | ഇ-ഹെൽത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ആശുപത്രിക്കും എത്ര തുക അനുവദിച്ചുവെന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (ബി) | ഒാരോ ആശുപത്രികളുടെയും വലിപ്പം, പ്രവർത്തന സജ്ജമായ കെട്ടിടങ്ങൾ, നൽകി വരുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഒാരോ വിഭാഗത്തിലും വരുന്ന ആശുപത്രികളിലും ആവശ്യമായി വരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ആയതിനാൽ പദ്ധതി നിർവഹണത്തിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് ഒാരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് ഇ ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്നിരുന്നാലും ഇ ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/ കുടുബാരോഗ്യ കേന്ദ്ര ങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇ ഹെൽത്ത് പ്രവർത്തനം പൂർണ്ണമായും ആരംഭിച്ചതിനു ശേഷം അന്തിമ ബില്ലുകൾ തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ ഒാരോ ആശുപത്രിക്കും വേണ്ടി ചെലവായ തുക കൃത്യമായി കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ